




# ഉദയരശ്മി

## ഡിജിറ്റൽ മാഗസിൻ




## സെന്റ് ജോസഫ്സ് എച്ച് എസ് എസ്,മേലൂർ

## ഇതളുകളിൽ


സന്ദേശം....3
ചരിത്രത്താളുകളിലൂടെ....4
പ്രാർത്ഥന....5
കല്ലിൽ നിന്നും വെള്ളാരങ്കല്ലിലേക്ക്....6
കവിത ഒരു ദളം മാത്രം....7
ആ മിസ്ഡ് കോൾ എടുക്കാതിരുന്നെങ്കിൽ....8
കവിത....9
എവിടെയെൻ കേരളം....9
ഡിജിറ്റൽ പെയിന്റിംഗ്....10
പ്രളയക്കാഴ്ച....11
കവിത....12
തുള്ളികൾകൊണ്ട് പൊഴിയുന്ന ജീവിതം....12
ഭാവനകൾ....13
ഭാവനകൾ....14
എന്റെ പ്രളയ ദിന അനുഭവം....15
മഹത്വചനങ്ങൾ....17
സകലതും നന്മക്കായ് മാറ്റുന്ന ദൈവം....18
മികവുകൾ....19
പ്രളയാനുഭവങ്ങൾ....20
മലയാളത്തിളക്കം....21
ഇന്റസ്ട്രിയൽ വിസിറ്റ് -SCMS COLLEGE....22
ഭിന്നശേഷിദിനത്തിൽ പ്രിയപ്പെട്ട....23
അനക്സിനോടൊപ്പം....23
സംഘടനകൾ....24
കൈത്താങ്ങായി....25
ക്യാൻസർരോഗികൾക്കായുള്ള....26
ഹെയർ ഡൊണേഷൻ....26
കരിയർ ഗൈഡൻസ്....27
ഉപജില്ലാ ശാസ്ത്രമേള വിജയികൾ....28
പഠനയാത്രയിൽ നിന്നും....29
കായികമികവ്....30
അണിയറയിൽ....31
നന്ദി....32

# സന്ദേശം



*പ്രിയമുള്ളവരേ,*

*സംസ്ഥാനത്തെ സ്കൂളുകൾ ഹൈടെക്*
*ആക്കുന്നതിന്റെ ഭാഗമായി നമ്മുടെ സ്കൂളും ഹൈടെക്*
*ആയിക്കഴിഞ്ഞല്ലോ.*
*സാങ്കേതികവിദ്യയുടെ മികവിലേക്ക് പുതുതലമുറയെ*
*കൈപിടിച്ചുയർത്താൻ കുട്ടികളുടെ ഐ ടി കൂട്ടായ്മയായ*
***ലിറ്റിൽ കൈറ്റ്സ്***
*നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നതിൽ*
*അതിയായ അഭിമാനമുണ്ട്.*
*ഈ കൂട്ടായ്മയുടെ പുതുസംരംഭമായ*
***ഡിജിറ്റൽ മാഗസിൻ***
*പ്രസിദ്ധീകരിക്കുന്നതിൽ അതീവ സന്തോഷം രേഖപ്പെടുത്തുന്നു.*
*എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും*
*ഇതിനു നേതൃത്വം കൊടുക്കുന്ന കൈറ്റ് മിസ്ട്രസ്സ്മാർക്കും*
*എല്ലാ ഭാവുകങ്ങളും നേരുന്നു.*

*ഹെഡ്മാസ്റ്റർ ,*
*ഷാജു വർഗ്ഗീസ്*

# ചരിത്രത്താളുകളിലൂടെ.............

തൃശ്ശൂർ ജില്ലയുടെ തെക്കേ അറ്റത്ത് ചാലക്കുടിപ്പുഴയാൽ ചുറ്റപ്പെട്ട പ്രകൃതിരമണീയമായ ഒരു കൊച്ചുഗ്രാമമാണ് മേലൂർ. 6 എൽ പി സ്കൂളുകളും 4 യു പി സ്കൂളുകളും മാത്രമുണ്ടായിരുന്ന മേലൂർ ഗ്രാമത്തിൽ ആദ്യ ഹൈസ്കൂളായി 1964 -ൽ സ്ഥാപിതമായ സെന്റ് ജോസഫ്സ് എച്ച് എസ്,കൃഷിക്കാരായ ഗ്രാമവാസികളുടെ ഉന്നതവിദ്യാഭ്യാസത്തിലേക്കുള്ള വാതിൽ തുറന്നിട്ടു.ബഹുമാന്യനായ ടി കെ മാത്യു മാസ്റ്ററായിരുന്നു ആദ്യ ഹെഡ്മാസ്റ്റർ.

2010-ൽ ഈ വിദ്യാലയം ഹയർസെക്കന്ററിയായി അപ്ഗ്രേഡ് ചെയ്യപ്പെട്ടു.അന്നത്തെ വിദ്യാഭ്യാസമന്ത്രി ബഹു.പി കെ അബ്ദുറബ്ബ് പുതിയ ഹയർസെക്കന്ററി കെട്ടിടം ഉദ്ഘാടനം ചെയ്തു.



# പ്രാർത്ഥന

*അമ്മയ്ക്കും അച്ഛനും ആദ്യ പ്രണാമം*
*ആചാര്യന്മാർക്കോ സൂര്യപ്രണാമം*
*ചങ്ങാതിമാർക്കും മറ്റുള്ളോർക്കൊക്കെയും*
*മംഗളം നിറയുന്ന സ്നേഹപ്രണാമം (അമ്മയ്ക്കും അച്ഛനും...)*

*മാനവജന്മപിറവിയ്ക്കു നന്ദി*
*നന്മുലപ്പാലിൻ കരുണയ്ക്ക് നന്ദി*
*താലോലമാട്ടിയ കൈകൾക്ക് നന്ദി*
*താരാട്ടുപാട്ടിനും ക്രൂട്ടിനും നന്ദി (അമ്മയ്ക്കും അച്ഛനും...)*

*അക്ഷരപ്പൂവിലെ തേനിനു നന്ദി*
*അറ്റമില്ലാത്തൊരറിവിനു അറിവിനു നന്ദി*
*മോഹങ്ങൾ തിരി നീട്ടും പുലരിയ്ക്കു നന്ദി*
*സ്നേഹാലയമാമീ പാരിനു നന്ദി (അമ്മയ്ക്കും അച്ഛനും...)*



കവിത

# കല്ലിൽ നിന്നും വെള്ളാരങ്കല്ലിലേക്ക്

ഹിമഗിരിയിൽ നിന്നുമൊരു ഭീമൻ
കല്ലിന്റെ അഗ്രപാളിയിൽനിന്നും
ഞാനിതാ കളകളമൊഴുകും നദി
പരപ്പിലേക്കു പതിച്ചിതാ
അവിടെനിന്നാരംഭിക്കുന്നു എൻയാത്ര
കളകളാരവം പാടിയൊഴുകുന്ന നദിയുടെ
ഒരു ഭാഗമായിതാ ഞാൻ ഒഴുകീടുന്നു....

അവിടെയുമിവിടെയും തട്ടി മന്ദമായ്
ഉഴഞ്ഞു നീങ്ങുന്നിതാ ഞാൻ
കോടാനുകോടി ആണ്ടിനുമിപ്പുറം
വികൃതമായിരുന്നയെൻ മിനുസമാർന്നതുമായ
ഒരു വെള്ളാരങ്കല്ലാക്കിയതാണീ നദി...
ആ നദിയുടെ ജീവിതഭാഗമായതിനാൽ
എന്റെ യാത്ര സഫലമത്രേ.....

*DEVIKA PRABOSH*
*IX A*

കവിത

# ഒരു ദളം മാത്രം

ഒരു കൊച്ചു പൂവിൻ ദളങ്ങളാൽ
കാൽപാട്ട തേടുമീ കൈകളിന്നും
കൊഴിഞ്ഞൊര ഇല തന്നെ കൈകളിൽ
പൊഴിഞ്ഞൊര ഹൃദയത്തിൽ
നൊമ്പരങ്ങൾ....

ഒരു നാളുമെങ്കിലും പൊഴിയാത്ത പൂവിനെ
തഴുകിത്തഴുകി പുണർന്നൊരു പൂമരങ്ങൾ
മാറോട് ചേർക്കയാണെന്നുമീ പൂവിനെ താൻ
ഹൃദയ ദളങ്ങളിൽ ചൊരിയുന്ന കാറ്റിനെപോൽ....

കാറ്റിനെതൻ തഴുകികൊണ്ടോടുന്ന ദളങ്ങൾ മാത്രം
തൻ ഭൂമിയാൽ സ്പർശത്താൽ നടന്നുതേടി
ഒരു ദളം മാത്രം വിരഹത്താൽ തേങ്ങിടുന്നു
തൻ ജീവൻ കൊഴിഞ്ഞീടും നാളുകൾ ഇത്രയും....

*Devapriya P S*
*IX A*

## കഥ

### ആ മിസ്ഡ് കോൾ എടുക്കാതിരുന്നെങ്കിൽ............

ദാരിദ്ര്യമെന്തെന്ന് ഏറ്റവും അടുത്തറിഞ്ഞവരായിരുന്നു കിച്ചുവും അമ്മയും. ഒരു കാടിനകത്തെ ചെറിയൊരു കുടിലിലായിരുന്നു,അവരുടെ താമസം. കിച്ചുവിനച്ഛനുണ്ടായിരുന്നില്ല.അച്ഛനെക്കുറിച്ച് കിച്ചു ഇതുവരെ അമ്മയോട് ചോദിച്ചിട്ടില്ല.കാരണം,ഒരു വാക്കു കൊണ്ടുപോലും അമ്മയെ വേദനിപ്പിക്കാൻ അവൻ ആഗ്രഹിച്ചിരുന്നില്ല.വളരെയധികം കഷ്ടപ്പെട്ട് അധ്വാനിച്ചാണ് അമ്മ അവനെ സ്ക്കൂളിൽ വിട്ടിരുന്നത്.ഒരിക്കൽ ക്ലാസ് വിട്ട് ഓടിവന്ന കിച്ചു അമ്മയുടെ ഫോൺ എടുത്ത് നോക്കിയപ്പോൾ ഒരു മിസ്സ്ഡ് കോൾ.കിച്ചു വന്ന് അമ്മയോട് കാര്യം പറഞ്ഞു.അമ്മ അങ്ങനെ പ്രത്യേകിച്ച് മറുപടിയൊന്നും പറഞ്ഞില്ല. അവൻ ഫോൺ തിരിച്ചുക്കൊണ്ടു വെച്ചതും വീണ്ടും ആ കോൾ വന്നു.അവൻ ഫോൺ എടുത്തു.ഒരു നിർമ്മലമായ സ്വരത്തിൽ 'മോനേ'എന്നൊരു വിളി. ആ വിളിയിൽത്തന്നെ അവൻ വീണുപോയിരുന്നു.പക്ഷേ പിന്നീട് അദ്ദേഹത്തിന്റെ വാക്കുകൾ കേട്ട് അവൻ ഞെട്ടിത്തരിച്ചുനിന്നുപോയി. ഞാൻ നിന്റെ അച്ഛനാണെന്നും നീയില്ലാതെ ഈ അച്ഛന് ജീവിക്കാൻ പറ്റില്ലായെന്നുമായിരുന്നു അദ്ദേഹം കിച്ചുവിനോട് പറഞ്ഞിരുന്നത്.

ഇത്രയും കാലം തന്നെ കഷ്ടപ്പെട്ട് വളർത്തിയ അമ്മയെ അവൻ പാടെ മറന്നു.അച്ഛനെന്ന സത്യം അത്രയേറെ അവനെ സ്വാധീനിച്ചിരുന്നു.'അമ്മേ,അച്ഛനെന്നെ വിളിച്ചമ്മേ.എനിക്കെന്റെ അച്ഛനെ കാണണം. ഞാൻ അച്ഛനെ കാണാൻ പോകും'.അമ്മയുടെ തേങ്ങൽ അവൻ കേട്ടതേയില്ല.

എങ്ങനെയും അച്ഛന്റെ അടുത്തെത്തണം.വീടുവിട്ടിറങ്ങുമ്പോൾ അവന്റെ ഹൃദയം വെമ്പുകയായിരുന്നു.അവന്റെ അമ്മ അപ്പോൾ ആർത്തലച്ചു കരയുകയായിരുന്നു.കിച്ചു മടങ്ങിവരുന്നതും നോക്കി ആ അമ്മ വഴിക്കണ്ണുമായി കാത്തിരുന്നു.നാളുകളേറെ കഴിഞ്ഞിട്ടും അമ്മയുടെ പൊന്നുമോൻ മടങ്ങി വന്നില്ല.എന്റെ കിച്ചുവില്ലാതെ ഈ ഭൂമിയിൽ ജീവിക്കാൻ എനിക്കാവില്ല.ഉള്ളിലെ തേങ്ങൽ തികട്ടി വന്നു. അവൻ ആ മിസ്ഡ് കോൾ എടുക്കാതിരുന്നെങ്കിൽ...........

**Navya Joji**
**IX A**

**കവിത**

# എവിടെയെൻ കേരളം

പച്ചപ്പട്ടുടുത്ത വെൺതിങ്കളാ
മെൻ  കൊച്ചുകേരളം
മലയാളമെൻതായ് മൊഴി
കുന്നുകളും കൊച്ചരുവികളും
ചേർന്ന ഭൂസമതലമാ
ണെൻ കൊച്ചുകേരളം
നാടൻകലകളുടെ കലവറയാ
ണെൻ കേരളം
സുന്ദരകേരളം ഹരിതകേരളം

മനുഷ്യർ തൻ അത്യാർഥിയാൽ
ദിനംപ്രതി നശിക്കുന്നു
പാവമാം എൻകേരളം
കുന്നുകളില്ല വയലുകളില്ല
നിർജീവമാം കൊച്ചരുവികളും
എവിടെയെൻ സുന്ദരകേരളം

എങ്ങും അഴുക്കുതൻ കൂമ്പാരങ്ങൾ
ദുർഗന്ധം വമിക്കുമീ
തെരുവും വീഥികളും
പണത്തിൻ ആർത്തിയാൽ
അലയുന്നമനുഷ്യൻ ഭ്രാന്തനായി
കേരളം പ്രളയംകെടുതിയാൽ
നീറികിടക്കുമ്പോൾ
പിടയ്ക്കുന്ന മാറിടം
കരയുന്നകണ്ണുകൾ
എങ്ങുംകൂട്ടനിലവിളികൾ
എവിടെ നിന്നോ പൊന്തിയുയരുന്ന
കരുണ തൻ സ്നേഹഹസ്തം

**ANURANJANA RAJEEV**
**10 C**

# ഡിജിറ്റൽ പെയിന്റിംഗ്



*NOEL THOMAS*
*XD*

# പ്രളയക്കാഴ്ച



*ASWIN JOSHY*
*IX A*

**കവിത**


## തുള്ളികൾകൊണ്ട് പൊഴിയുന്ന ജീവിതം


**മരങ്ങളെ പോലെ കുത്തിയിരിക്കുകയാണ്
കാലം കഴിച്ച് കൂട്ടാനായി
വിദൂരതയിലെ കിളികളെ നോക്കി
താൻ പറന്ന കാലം ഓർക്കുന്നു
പുഴയിലെ ഓളങ്ങൾ കണ്ട്
അതിലൊന്നിറങ്ങാൻ കൊതിക്കുന്നു
താൻ പിറന്ന മണ്ണിനെ നോക്കി
സൗരഭ്യത്തോടെ ചിരിക്കുന്നു
തന്റെ പഴയ കാലത്തിലേക്ക്
ഇറങ്ങി ചെല്ലാൻ ശ്രമിക്കുന്നു
തോറ്റുപോയ ആ ശ്രമത്തെ ഓർത്ത്
പ്രായം ചെന്ന ചിന്തകൾ ഓർത്ത്
കണ്ണീർ തുള്ളികൾ പൊഴിയുന്നു**

**യദുകൃഷ്ണ പി ബി**

**8A**

# ഭാവനകൾ..............................







JOEL JOY C
VIII A





ANJANA C P
VIII B

SANJAY K S
VIII C

# ഭാവനകൾ...............................



SNEHA PAUL
IX C



ANDREWS NELSON
VIII A



ALFAHAD M S
VIII A

# എന്റെ പ്രളയ ദിന അനുഭവം

ഓഗസ്റ്റ് 14 തിങ്കൾ വൈകുന്നേരം ക്ലാസ്സിൽ നിന്നും തിരിച്ചുവരുന്നത് സ്വാതന്ത്ര്യദിനത്തിന് എവിടെയെല്ലാം പോകണമെന്ന ചിന്തയിലായിരുന്നുഞാൻ. സ്കൂളിൽ പങ്കെടുക്കണം, അംഗൻ വാടിയിലും പങ്കെടുക്കണം,പഞ്ചായത്തിലും എല്ലായിടത്തും പതാകഉയർത്തുന്നതും, കാണാനും മിഠായി വാങ്ങിക്കാനും പോകണം.പക്ഷേ 15 ന് രാവിലെ ആയപ്പോൾ തോരാത്ത മഴയും,കാറ്റുമായിരുന്നു.പുറത്തിറങ്ങാൻ പറ്റാത്ത അവസ്ഥ .എല്ലാവരും മഴ നിൽക്കാത്തതിനെ പറ്റിയും, കാറ്റു കൂടുന്നതിനെപറ്റിയും ഒക്കെ പറഞ്ഞുകൊണ്ടിരുന്നു.ഞങ്ങളുടെ വീടിനടുത്തുള്ള പാടത്തിനപ്പുറത്തെ വീട്ടിൽ നിന്നൊക്കെ വെള്ളം കയറി ആളുകളെ ഒഴപ്പിച്ചു തുടങ്ങിയെന്നറിഞ്ഞു. ഞങ്ങൾ വീടിനടുത്തു നിന്നും എല്ലാവരും കൂട്ടമായി വെള്ളം കയറിയ സ്ഥലങ്ങൾ കാണാൻ പോയി.ചെറിയ ചെറിയ പാമ്പുകൾ ഒഴുകിനടക്കുന്നുണ്ടായിരുന്നു.അപ്പോഴും ഇതൊക്കെ കാണാൻ ഒരു ഉത്സാഹമായിരുന്നു എനിക്ക്.അപ്പോഴാണ് എന്റെ കൂട്ടുകാരിയും കുടുംബവും ഒക്കെ നനഞ്ഞ വേഷത്താലെ വീടുപേക്ഷിച്ച് പൊക്കമുള്ള റോഡിൽ വന്ന് നിൽക്കുന്നു.അവരുടെ മുഖത്തെ പേടിയും വിഷമവും കണ്ടപ്പോൾ സങ്കടം തോന്നി.തിരിച്ച് വീട്ടിൽ വന്ന് നോക്കുമ്പോൾ പാടം നിറഞ്ഞ് കവിഞ്ഞ് വെള്ളം കയറിതുടങ്ങിയിരുന്നു.പലരും പല അഭിപ്രായങ്ങൾ പറഞ്ഞു.വെള്ളം വീട്ടിലേക്ക് കയറില്ലായെന്നുമൊക്കെ.ഏറ്റവും താഴത്തെ വീടിന്റെ മുറ്റത്ത് വെള്ളം നിറഞ്ഞു.അവർ വീട് വിട്ടിട്ട് പോയി.പാടത്തു കൂടി വഞ്ചിയിൽ ആളുകളെ കൊണ്ടുവന്നു തുടങ്ങിയിരുന്നു.അതിൽ പലരും വളർത്തു മൃഗങ്ങളെ വിട്ടുപോന്നതിൽ സങ്കടപ്പെടുന്നുണ്ടായിരുന്നു.സന്ധ്യയായി കറന്റില്ല .ആരേയും ഫോൺ ചെയ്യാൻ പറ്റുന്നില്ല.ചുറ്റിനും ഇരുട്ടും മഴയും.പ്രധാനപ്പെട്ട രേഖകളും,പുസ്തകങ്ങളും അമ്മ എടുത്തുവച്ചിരുന്നു.രാത്രി ഇടയ്ക്കിടയ്ക്ക് എന്നീറ്റ് ഞങ്ങൾ പാടത്ത് പോയിനോക്കിയിരുന്നു.അവസാനം രാവിലെ 6 മണിയോടെ വെള്ളം വീട്ടിലെത്തി എല്ലായിടത്തും നിന്നും ഒരു പോലെ തള്ളികയറിവന്നു അപ്പോഴും വഞ്ചിയിൽ ആളുകൾ ഇറങ്ങുന്നുണ്ട്.ഞങ്ങളുടെ അടുത്ത വീട്ടുകാർ കുഞ്ഞുമക്കളെയും എടുത്തുപോയി.ഞങ്ങളുടെ വീട്ടിൽ നിന്നും ഇറങ്ങാൻ പറഞ്ഞ് ആളുകൾ വന്നു.ഒരു ചെറിയ ബാഗുമായി ഞങ്ങൾ എങ്ങോട്ടെന്നില്ലാതെ നടന്നു.നടക്കുമ്പോൾ കാലുകൾ ചെളിയിലും വെള്ളത്തിലും പൂണ്ട്പോവുകയായിരുന്നു.ഞങ്ങൾ പരസ്പരം നോക്കി കണ്ണീരൊഴുക്കി .ആദ്യം ഒരു വീട്ടിൽ പിന്നെ മറ്റൊരിടത്ത് .അവിടന്ന് ഞങ്ങളെ വിഷമംപിടിച്ച വഴിയിലൂടെ കാറോടിച്ച് ചാലക്കുടിയിലേക്ക് എത്തിച്ചു.പോരുന്ന വഴിയാണ് യഥാർത്ഥത്തിൽ എത്ര ഭീകരമായ അവസ്ഥയിലൂടെയാണ് കടന്ന് പോകുന്നതെന്ന് മനസ്സിലായത്.വണ്ടികളാകെ

ഒഴുകിനടക്കുന്നു.അനാഥരെപോലെ ഞങ്ങൾ ചാലക്കുടിയിൽ ഇറങ്ങി നിന്നു. എങ്ങോട്ട് പോകണമെന്ന് അറിയാതെ.പിന്നീട് അങ്ങോട്ട് ഒരുപാട് കൈസഹായങ്ങൾക്കിടയിലൂടെ ഒരു വാടക വീട്ടിൽ എത്തിചേർന്നു.പിന്നീട് എല്ലാം മറ്റുള്ളവരുടെ സഹായത്തിലൂടെയായിരുന്നു. പ്രളയഭീതി മനസ്സിൽ നിന്നും മാഞ്ഞു തുടങ്ങിയിരുന്നു.

*Aksahara Shaju*
*8A*

# മഹത്‌വചനങ്ങൾ

- അറിവ് അന്വേഷിച്ച് ഇറങ്ങിയവന് ദൈവം സ്വർഗ്ഗത്തിലേക്കുള്ള വഴി എളുപ്പമാക്കും
  മുഹമ്മദ് നബി

- നന്മയിലും ഭക്തിയിലും നിങ്ങൾ പരസ്പരം സഹായിക്കുവിൻ
  മുഹമ്മദ് നബി

- സത്യം കയ്പുള്ള മരുന്നാണ് അതിന്റെ ഫലം മധുരവും
  റുസ്സോ

- തിന്മയേ നന്മകൊണ്ട് കീഴടക്കുക
  ബൈബിൾ

- സംഗീതജ്ഞേക്കൾ മധുരമാണ് സമാധാനം
  സിൻബേൾ

- വായന മനുഷ്യനെ പൂർണമാക്കുന്നു
  ബേകൺ

- പൂവിനു സുഗന്ധം പോലെയാണ് മനുഷ്യന് വ്യക്തിത്വം
  ചാൾസ്

- ചിന്തയാണ് വിദ്യാഭ്യാസത്തിന്റെ കാതൽ
  ഗാന്ധിജി

- ദൈവഭക്തിയാണ് അറിവിന്റെ ഉറവിടം
  സുഭാഷിതം

- നന്മയാണ് ഒരിക്കലും പരാജയപ്പെടാത്ത നിക്ഷേപം
  തോറ

- സംശയം ചോദ്യത്തിലേക്കും ചോദ്യം അന്വേഷണത്തിലേക്കുംസത്യത്തിലേക്കും നമ്മേ ആനയിക്കും
  ഷേക്സ്പിയർ

**കഥ**

## സകലതും നന്മക്കായ് മാറ്റുന്ന ദൈവം

ഒരിക്കൽ ഒരു രാജ്യത്ത് ഒരു രാജാവും ഒരു മന്ത്രിയുമുണ്ടായിരുന്നു. ഇരുവരും നായാട്ടിന് പോവുക പതിവായിരുന്നു.ഒരിക്കൽ നായാട്ടിന് പോകുന്ന വേളയിൽ അമ്പെയ്തപ്പോൾ അബദ്ധത്തിൽ രാജാവിന്റെ വിരലുകളിലൊന്ന് മുറിഞ്ഞുപോയി.ഇതു കണ്ട മന്ത്രിപറഞ്ഞു,എല്ലാം നല്ലതിനാണ് .ഇതുകേട്ടപ്പോൾ രാജാവിന് കോപം വന്നു. ഈ അഹങ്കാരിയെ തുറുങ്കിൽ അടയ്ക്കു എന്ന് രാജാവ് കല്പിച്ചു.ഇതുകേട്ട് മന്ത്രിചിരിച്ചുകൊണ്ട് പറഞ്ഞു .എല്ലാം നല്ലതിനാണ്.കുറച്ചു നാളുകൾക്ക് ശേഷം രാജാവ് നായാട്ടിന് പോയത് തനിയെ ആയിരുന്നു. മൃഗങ്ങളെതേടി കൊടുങ്കാട്ടിൽ ചെന്നുപെട്ടു.മൃഗങ്ങളെ കിട്ടിയില്ലെന്നു മാത്രമല്ല രാജാവ് അകപ്പെട്ടത് നരഭോജികളുടെ കൈയ്യിലാണ്,അവർക്ക് സന്തോഷമായി കാരണം അന്നത്തെ അവരുടെ ഭക്ഷണം രാജാവായിരുന്നു.ഇനി എന്തുചെയ്യും?രാജാവ് ആലോചിച്ചു.ഈ സമയത്ത് നരഭോജികളുടെ മൂപ്പൻ കടന്നു വന്നു പറഞ്ഞു.ഭക്ഷണത്തിന് മുമ്പ് ഈ മനുഷ്യനെ പരിശോധിക്കുവാൻ .കാരണം അവർ അംഗവൈകല്യമുളളവരെ ഭക്ഷിക്കാറില്ല.രാജാവിനെ പരിശോധിച്ചപ്പോൾ വിരൽ നഷട്ടപ്പെട്ടത് ശ്രദ്ധയിൽ പെട്ടു. അതുകണ്ട് രാജാവിനെ വെറുതെവിട്ടു.

ഈ കഥകളെല്ലാം രാജാവിന് പറഞ്ഞു കൊടുത്തു .ഇതുകേട്ട മന്ത്രി പറഞ്ഞു ഞാൻ പറഞ്ഞില്ലേ എല്ലാം നല്ലതിനാണെന്ന്.കാരണം വിരൽ നഷ്ട്ടപ്പെട്ടതുക്കൊണ്ട് നരഭോജികൾ ഭക്ഷിച്ചില്ല .പക്ഷെ അങ്ങ് അങ്ങയെ ഭക്ഷിക്കാൻ പറ്റാത്തതുകൊണ്ട് അവർ എന്നെ ഭക്ഷിക്കും.അതുകൊണ്ടാണ് ഞാൻ പറഞ്ഞത് എല്ലാം നല്ലതിനെന്ന്.

# മികവുകൾ

- SSLC മികച്ച വിജയം
- പത്താം ക്ലാസ്സ് വിദ്യാർത്ഥികൾക്കായി പ്രത്യേകപഠന പദ്ധതി
- വിശാലമായ കളിസ്ഥലം
- ചാലക്കുടി സബ്ജില്ല കായിക മേള ചാംമ്പ്യന്മാർ
- എറണാകുളം - അങ്കമാലി അതിരൂപത കോർപ്പറേറ്റ് എഡ്യുക്കേഷൻ ഏജൻസി കായിക മേളയിൽ തുടർച്ചയായി അഞ്ചാം വർഷവും ചാംമ്പ്യൻമാർ.
- പരിപൂർണ്ണ അച്ചടക്കം
- മാനസിക, വൈകാരിക പ്രശ്നങ്ങൾ അനുഭവിക്കുന്ന കുട്ടികൾക്കായി കൗൺസിലിംഗ് സൗകര്യം.
- ആധുനിക സൗകര്യങ്ങളോടുകൂടിയ ശുചിമുറികൾ
- ഗേൾസ് ഫ്രണ്ട് ലി ടോയ് ലറ്റുകൾ
- സ്കൗട്ട് ആൻറ് ഗൈഡ്സ്, ജൂനിയർ റെഡ് ക്രോസ് പ്രസ്ഥാനങ്ങൾ
- മികച്ച കംപ്യൂട്ടർ ലാബ്
- ഓഡിയോ വിഷ്വൽ ലാബ്
- ആകർഷകവും പോഷകസമൃദ്ധവുമായ സൗജന്യ ഉച്ചഭക്ഷണ പദ്ധതി.
- അഞ്ച് ഭാഷകളിൽ സ്കൂൾ അസംബ്ലി (മലയാളം,ഇംഗ്ലീഷ്, ഹിന്ദി,സംസ്കൃതം,ഉറുദു)
- ഓരോ ക്ലാസ് റൂമിലും സൗണ്ട് സിസ്റ്റം,ലൈറ്റ്,ഫാൻ
- ഹൈടെക് ക്ലാസ് റൂമുകൾ
- ലിറ്റിൽ കൈറ്റ്സ്
- അസോസിയേറ്റ്സ് ഓഫ് കാർമ്മൽ മെറിറ്റ് സ്കോളർഷിപ്പ്{8 പേർക്ക്}
- അഡൽ ടിങ്കറിംഗ് ലാബ്
- ആധുനിക സൗകര്യങ്ങളോടുകൂടിയ ലൈബ്രറി
- പഠനയാത്രകൾ
- മെറിറ്റ് ഡേ
- സ്കോളർഷിപ്പ് പരീക്ഷകൾ
- ദിനാചരണങ്ങൾ
- രക്ഷിതാക്കൾക്ക് സെമിനാർ
- മോട്ടിവേഷൻ ക്ലാസ്സ്

# പ്രളയാനുഭവങ്ങൾ

കേരളീയരെ സംബന്ധിച്ചിടത്തോളം 2018 ഒരു ഭീകര വർഷമാണ്. 2018 ഇപ്പോഴും കേരളീയർക്ക് ഒരു പേടിസ്വപ്നമാണ് . 2018 തികച്ചും കൊടിയനാശം വിതച്ചതാണ്.

കേരളീയരെ സംബന്ധിച്ചിടത്തോളം ''പ്രളയം'' ആണ് ഇന്നും ഒരു ഭീകരതയായി ഉള്ളിൽ കുടികൊള്ളുന്നത്.

ആഗസ്റ്റ് 14 ,15, 16 മുതലാണ് പ്രളയം കേരളത്തെ ബാധിച്ചത് .ഈ പ്രളയ ബാധയെക്കുറിച്ചൊന്നും ഒരു മുൻ അനുഭവമില്ലാതെ നാം ഇതിനെയും അതിജീവച്ചു.കനത്തമഴകാരണം പുഴയിലേക്കും ഡാമിലേക്കും കടലിലേയുമുള്ള ജലനിരപ്പ് നല്ല രീതിയിൽ ഉയർന്നുക്കൊണ്ടിരുന്നു .

അവ കവിഞ്ഞൊഴുകിയും കനത്ത മഴയും കാറ്റും മൂലം മരങ്ങൾ കടപുഴകി പുഴയിലേക്ക് വീണും, വീട്ടുപകരണങ്ങൾ ഒലിച്ചു വന്നും പുഴയ്ക്കു ഒഴുകാൻപറ്റാതായി.

ജലവും വീടിൻെറ രണ്ടാം നിലയിലേക്ക് എത്തി സ്ഥാനം പിടിക്കാൻ നിൽക്കുകയായിരുന്നു.കേരളീയരുടെ ഈ ദുരവസ്ഥയിൽ നേവിയും രക്ഷാപ്രവർത്തകരും രക്ഷാപ്രവർത്തനത്തിനായ് ഒറ്റകെട്ടായിനിന്ന് വീടുകളിൽ കുടുങ്ങിയവരെ രക്ഷപ്പെടുത്തി.മത്സ്യ ബന്ധന തൊഴിലാളികളാണ് ഏറ്റവും കൂടുതൽ രക്ഷാപ്രവർത്തനത്തിൽ സ്വന്തം ജീവൻകൊടുത്തും തയ്യാറായി.പ്രളയം ബാധിച്ചു തുടങ്ങിയപ്പോഴേക്കും സ്കൂളുകളും,വീടുകളും,പള്ളികളും വൃത്തിയാക്കി തുറന്നുകൊടുത്തിട്ട് ദുരിതാശ്യാസ ക്യാമ്പുകൾ പ്രവർത്തിച്ചു.ഇവരുടെയെല്ലാം സഹായത്തോടെ നാം(ദൈവത്തിൻെറ്റ സ്വന്തം നാട്ടുകാർ)പ്രളയ ബാധയെ നേരിട്ടു. അതിനെ അതീവിച്ചു.പ്രളയത്തോടു കൂടി ധനവാൻ,ദരിദ്രൻ എന്ന വ്യത്യാസമില്ലാതെ ഒരു പാത്രത്തിൽ നിന്നും കഴിച്ചുമൊക്കെ ദുരിതാശ്വാസ ക്യാംപിൽ അവർ തങ്ങി.

"ഒന്നിച്ചുനിന്നാൽ മലയും പോരും'' എല്ലാവരും ഒറ്റക്കെട്ടായ് നിന്നാൽ എന്ത് വലിയ പ്രതിസന്ധിയും മറികടക്കാൻകഴിയുമെന്ന് പ്രളയം പഠിപ്പിച്ചു.

അലീന ബാബു

IX A

# മലയാളത്തിളക്കം










# ഇന്റസ്ട്രിയൽ വിസിറ്റ് -SCMS COLLEGE



## ഭിന്നശേഷിദിനത്തിൽ പ്രിയപ്പെട്ട

## അനക്സിനോടൊപ്പം...





# സംഘടനകൾ................



ലിറ്റിൽ കൈറ്റ്സ്

ജെ ആർ സി





സ്കൗട്ട് ആന്റ് ഗൈഡ്സ്

# കൈത്താങ്ങായി.................

പ്രളയത്തിൽ തകർന്ന വീടിനു പകരം അശ്വതിക്ക് പുതിയ വീട് നിർമ്മിച്ച നൽകിയപ്പോൾ...........



## ദുരിതാശ്വാസക്യാമ്പിൽ കഴിയുന്ന ശ്യാമളയ്ക്കും മകൾക്കും വീടൊരുങ്ങി

**മേലൂർ:** പ്രളയത്തിൽ കനാൽ ബണ്ടിൽ വെള്ളം കയറി വീട് തകർന്നതിനെ തുടർന്ന് ദുരിതാശ്വാസക്യാമ്പിൽ കഴിയുന്ന അമ്മയ്ക്കും മകൾക്കും താത്കാലിക വീട് ഒരുങ്ങി.

മേലൂർ 11-ാം വാർഡിൽ കല്ലുകുത്തി കനാൽ ബണ്ടിൽ താമസിച്ചിരുന്ന മുദ്രകാട്ട്പറമ്പിൽ മോഹനൻ ഭാര്യ ശ്യാമളക്കും മകൾ അശ്വതിക്കുമാണ് സാമൂഹ്യ സംഘടനകളുടെ സഹായത്തോടെ താൽക്കാലിക വീട് നിർമിച്ച് നൽകിയത്. ചാലക്കുടി അവാർഡ് ഭവൻ, സെൻട്രൽ റോട്ടറി ക്ലബ്, കുവൈറ്റ് സാന്ത്വനം സംഘടനയും ചേർന്ന് വാർഡ് മെംബർ എം.ടി.ഡേവീസിന്റെ നേതൃത്വത്തിലാണ് താത്കാലികമായി താമസസൗകര്യം ഒരുക്കിയത്.

ദുരിതാശ്വാസക്യാമ്പിൽ കഴിഞ്ഞിരുന്ന ശ്യാമളയ്ക്കും മകൾക്കും താത്കാലിക വീട് നിർമിച്ചു നല്കിയപ്പോൾ.

ശ്യാമളയുടെ ഭർത്താവ് മൂന്നു വർഷം മുമ്പ് മരിച്ചു. കാഴ്ച കുറവുള്ള മകൾ അശ്വതി മേലൂർ സെന്റ് ജോസഫ് ഹൈസ്കൂളിലെ ഒമ്പതാം ക്ലാസ് വിദ്യാർഥിയാണ്.

സെൻട്രൽ റോട്ടറി ക്ലബ് പ്രസിഡന്റ് വിപിൻ മാണിക്കത്താൻ താക്കോൽദാനം നടത്തി. സി.സി. അരുൺ, വി.ഷാജി, ജിനി ജോർജ് എന്നിവർ പങ്കെടുത്തു.

## പ്രളയം: വ്യാപാരികൾക്കു



# ക്യാൻസർരോഗികൾക്കായുള്ള

# ഹെയർ ഡൊണേഷൻ....









# പഠനമികവ്

















# പഠനമികവ്









# കരിയർ ഗൈഡൻസ്







# ഉപജില്ലാ ശാസ്ത്രമേള വിജയികൾ








# പഠനയാത്രയിൽ നിന്നും









# കായികമികവ്

## ഉപജില്ലാകായികമേള ഓവറോൾ കിരീടം



## അണിയറയിൽ

അലൻ ജോസ്

ആഷിക് പി സജീവ്

അലൻ ബാബു

അശ്വിൻ ജോഷി

ജോമോൻ

ജ്യോതിഷ്

വിവേക്

അമൽ സുരേഷ്

ഗോഡ്‌വിൻ

# നന്ദി

ഈ ഡിജിറ്റൽ മാഗസിൻ ഒരുക്കാൻ സഹായിച്ച

എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും മാർഗ്ഗനിർദ്ദേശം നൽകിയ

ഞങ്ങളുടെ ഹെഡ്മാസ്റ്റർ ഷാജുസാറിനും നേതൃത്വംനൽകിയ

കൈറ്റ്മിസ്ട്രസുമാരായ മേരി ടീച്ചർക്കും, ഡെയ്സി ടീച്ചർക്കും SITC

ജോജോ സാറിനും ഞങ്ങളുടെ

നന്ദി അർപ്പിക്കുന്നു

